Draft #1 of File AcD/01/17832/CR/2019 Approved by ASSISTANT REGISTRAR III (ACADEMIC) on 19-Feb-2020 12:21 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

The ICFAI University, Dehradun അവാർഡ് ചെയ്ത Master of Business Administration (Off Campus- വിദൂരവിദ്യാഭ്യാസം) ബിരുദത്തിന് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അംഗീകാരമോ തുല്യതയോ നൽകേണ്ടതില്ലെന്ന് തീരുമാനിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ഡി സെക്ഷൻ**

നമ്പർ. 1000/AC D/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 20.02.2020

---

*പരാമർശം:*-1) കോഴ്സ് അംഗീകാരത്തിനായി Sri. Dhanaj K., Shajil Nivas, Edayanoor P.O. നൽകിയ അപേക്ഷ

2) മഹാത്മാഗാന്ധി സർവ്വകലാശാല ഉത്തരവ് നം. 5922/എസി.ഡി./3/2243/12 തീയതി 05.10.2017.

3) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റെഗുലേഷൻസ് ഫോർ റെക്കഗ്നിഷൻ/ഇക്വലൻസി 2016.

4) ഡോ. ജഗതി രാജ് വി.പി., ഫാക്കൽറ്റി മെമ്പർ (മാനേജ്മെന്റ് സയൻസസ്) അഭിപ്രായം രേഖപ്പെടുത്തി നൽകിയ കത്ത്.

5) ഡീൻ, ഫാക്കൽറ്റി ഓഫ് മാനേജ്മെന്റ് സയൻസസ് അഭിപ്രായം രേഖപ്പെടുത്തി നൽകിയ കത്ത്.

6) 02.08.2019 ൽ കൂടിയ അക്കാദമിക് കൗൺസിൽ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ് ഇനം നം. 17/195081.

6) 30.11.2019 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പ് ഇനം നം. 95/Ac.19/195081 (31.12.2019ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (19.11) ഇനം നം. 01/19.11/190797 ആയി സമർപ്പിച്ചത്)

**<u>ഉത്തരവ്</u>**

1) The ICFAI University, Dehradun അവാർഡ് ചെയ്ത Master of Business Administration (Off Campus- വിദൂരവിദ്യാഭ്യാസം) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അംഗീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം ലഭിച്ച അപേക്ഷ പരാമർശം (2)ലും (3) ലും നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് പരിശോധിക്കുകയുണ്ടായി.

2) എം.ബി.എ.ക്ക് ബോർഡ് ഓഫ് സ്റ്റഡീസ് നിലവിലില്ലാതിരുന്നതിനാലും എക്സ്പെർട്ട് കമ്മിറ്റി ചെയർമാനും ഡീനും ഒരാൾ തന്നെ ആയിരുന്നതിനാലും ഡീനിന്റെ വിദഗ്ദാഭിപ്രായത്തിനു പുറമെ ഒരു വിഷയവിദഗ്ധന്റെ അഭിപ്രായം കൂടി മേൽ വിഷയത്തിൽ തേടുകയുണ്ടായി. പ്രവേശനമാനദണ്ഡങ്ങൾ മഹാത്മാഗാന്ധി സർവകലാശാലയുടേതിനേക്കാൾ താഴ്ന്ന നിലവാരത്തിലുള്ളതാണെന്നും കോർ കോഴ്സുകളുടെയും ഇലക്ടീവ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File AcD/01/17832/CR/2019 Approved by ASSISTANT REGISTRAR III (ACADEMIC) on 19-Feb-2020 12:21 PM - Page 2

കോഴ്സുകളുടെയും എണ്ണം കുറവാണെന്നും, മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സിലബസിന്റെ 50% പോലും The ICFAI Universityയുടെ സിലബസിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും പരാമർശം (4) പ്രകാരം അദ്ദേഹം നിരീക്ഷിച്ചു. ഡീൻ, ഫാക്കൽറ്റി ഓഫ് മാനേജ്മെന്റ് സയൻസസും അതേ അഭിപ്രായമാണ് നൽകിയത്. (പരാമർശം 5). മേല്പറഞ്ഞ ബിരുദത്തിന് അംഗീകാരമോ തുല്യതയോ നൽകുവാൻ കഴിയില്ലെന്ന് പരാമർശം 6 പ്രകാരം അക്കാദമിക് കൗൺസിൽ സ്റ്റാൻഡിംഗ് കമ്മിറ്റി ശിപാർശ നൽകി.

3) അക്കാദമിക് കൗൺസിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും സൂചന (6) പ്രകാരം ICFAI University, Dehradun അവാർഡ് ചെയ്ത എം.ബി.എ.(ഓഫ് ക്യാംപസ്-വിദൂരവിദ്യാഭ്യാസം) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ MBA അഡ്മിഷൻ മാനദണ്ഡത്തിന് സമമല്ലാത്തതിനാലും ICFAI യുടെ MBA കോർ കോഴ്സുകളുടെ എണ്ണവും ഇലക്ടീവ് കോഴ്സുകളുടെ എണ്ണവും കുറവായതിനാലും MBA പ്രോഗ്രാമിന്റെ സിലബസ് വളരെ താഴ്ന്ന നിലവാരത്തിലുള്ളതിനാലും അംഗീകരിക്കാൻ കഴിയില്ലെന്ന ഡീൻ, ഫാക്കൽറ്റി ഓഫ് മാനേജ്മെന്റ് സയൻസസിന്റെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ICFAI University, Dehradun, അവാർഡ് ചെയ്ത എം.ബി.എ.(ഓഫ് ക്യാംപസ്-വിദൂരവിദ്യാഭ്യാസം) ബിരുദത്തിന് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ യുടെ MBA ബിരുദത്തിന് അംഗീകാരമോ തുല്യതയോ നൽകേണ്ടതില്ലെന്ന് പരാമർശം (6) പ്രകാരം തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത മിനിട്സിൽ കടന്നുകൂടിയ അച്ചടിപ്പിശക് താഴെപ്പറയുന്ന വിധത്തിൽ തിരുത്തിക്കൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III. ഛേദം 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവിട്ടു.

'ICFAI University, Dehradun അവാർഡ് ചെയ്ത എം.ബി.എ (ഓഫ് ക്യാമ്പസ് -വിദൂര വിദ്യാഭ്യാസം) ബിരുദം മഹാത്മാഗാന്ധി സർവകലാശാലയുടെ MBA അഡ്മിഷൻ മാനദണ്ഡത്തിന് സമമല്ലാത്തതിനാലും ICFAI-യുടെ MBA കോർ കോഴ്സുകളുടെ എണ്ണവും ഇലക്ടീവ് കോഴ്സുകളുടെ എണ്ണവും കുറവായതിനാലും MBA പ്രോഗ്രാമിന്റെ സിലബസ് വളരെ താഴ്ന്ന നിലവാരത്തിലുള്ളതിനാലും അംഗീകരിക്കാൻ കഴിയില്ലെന്ന ഡീൻ, ഫാക്കൽറ്റി ഓഫ് മാനേജ്മെന്റ് സയൻസസ്-ന്റെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ICFAI University, Dehradun, അവാർഡ് ചെയ്ത എം.ബി.എ (ഓഫ് ക്യാമ്പസ് വിദൂര വിദ്യാഭ്യാസം) ബിരുദത്തിനു മഹാത്മാഗാന്ധി സർവകലാശാല അംഗീകാരമോ തുല്യതയോ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു'.

4) തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) ശ്രീ ധനജ് കെ .
2) പ്രൈവറ്റ് സെക്രട്ടറി (വി.സി./പി.വി.സി.)
3) രജിസ്ട്രാറുടെ പി.എ.
4)ജെ.ആർ. II (ഭരണവിഭാഗം)
5)എ.ആർ. /ഡി.ആർ.(അക്കാദമിക വിഭാഗം)
6)എ.സി.സി. സെക്ഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

7)കൺടന്റ് മാനേജ്മെന്റ് സെക്ഷൻ

8)ഐ.ക്യൂ.എ.സി.

9)കരുതൽ ഫയൽ/ഫയൽ പകർപ്പ്

Draft #1 of File AcD/01/17832/CR/2019 Approved by ASSISTANT REGISTRAR III (ACADEMIC) on 19-Feb-2020 12:21 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം